## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.321 | 25.04.2017 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.എഫ്.തോമസ് | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിളവെടുപ്പ് സമയത്ത് നെല്ല് സംഭരിക്കാത്തത് മൂലവും മുൻപ് സംഭരിച്ച നെല്ലിന്റെ വില നൽകാത്തത് മൂലവും കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്; കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിക്കുന്ന നെല്ല് സംഭരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. ഗുണമേന്മാ ഘടകങ്ങളിൽ വ്യതിയാനം ഉണ്ടാകുന്ന പക്ഷം പ്രസ്തുത നെല്ല് കർഷകർ ഉണക്കി പതിരു കളഞ്ഞ് ഗുണമേന്മയുള്ളതാക്കി മാറ്റുന്നതിന് വരുന്ന കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ശ്രദ്ധയിൽപെട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | 2016-17 സീസണിൽ സപ്ലൈകോ 18/04/2017 വരെ 3.98 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകുവാനുള്ള 896.07 കോടി രൂപയിൽ 625.21 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു; ഇനി 270.86 കോടി രൂപ കുടിശ്ശികയുണ്ട്. നെല്ല് സംഭരിച്ചാലുടൻതന്നെ പണം നൽകുവാൻ കഴിയാത്തതുകൊണ്ട് കർഷകർക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കേന്ദ്രത്തിൽ നിന്ന് സംഭരണ വില ലഭിക്കുന്നതിൽ വരുന്ന കാലതാമസമാണ് യഥാസമയം പണം നൽകുവാൻ കഴിയാതെ വരുന്നത്. ഇത് പരിഹരിച്ച് സംഭരിച്ചാലുടൻ പണം ബാങ്കിൽ നിന്നും ലഭ്യമാകത്തക്കവിധത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് ഉടൻതന്നെ നടപ്പിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ